# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 2606 — 21/06/2012 - ൽ മറുപടിക്ക്

## ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ:കെ. രാധാകൃഷ്ണൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരുടെ അഭാവത്തിൽ കാര്യക്ഷമമായ അദ്ധ്യാപനം നടക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വർഷങ്ങളായി താൽക്കാലിക അദ്ധ്യാപകർ പഠിപ്പിക്കുന്ന സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പി.എസ്.സി വഴി നിയമനം നടത്തേണ്ട ഒഴിവുകളെല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തസ്തികമാറ്റം വഴി നികത്തേണ്ട ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് നിയമനം നടത്തുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പുതുതായി കോഴ്സുകൾ അനുവദിക്കുന്നതോടൊപ്പം തന്നെ ആവശ്യമായ തസ്തികകളും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) | പുതുതായി അനുവദിക്കുന്ന കോഴ്സുകൾക്ക് അധ്യാപിക തസ്തിക കുട്ടികളുടെ എണ്ണവും മറ്റും കണക്കാക്കിയാണ് സൃഷ്ടിക്കുന്നത്. ഇത് കാല താമസം ഉണ്ടാകുന്ന ഒരു പ്രക്രിയ ആകയാൽ കോഴ്സുകൾ അനുവദിക്കുമ്പോൾ തന്നെ ഗസ്റ്റ് ലക്‌ചേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തി സ്ഥിരം അധ്യാപക തസ്തിക സൃഷ്ടിക്കുന്നതുവരെ ക്ലാസുകൾ നടത്താൻ അനുമതി നൽകുന്നതാണ് പതിവ്. സ്ഥിരം അധ്യാപകരെ സൃഷ്ടിച്ചതിനു ശേഷം സ്വകാര്യസ്കൂളുകളെ സംബന്ധിച്ച് നേരിട്ടോ തസ്തികമാറ്റം വഴിയോ നിയമനം നടത്തുന്നത് അതാതു സ്കൂളിലെ മാനേജർമാരാണ്. സർക്കാർ സ്കൂളിനെ സംബന്ധിച്ച് നേരിട്ടുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും തസ്തികമാറ്റ നിയമനം ഹയർ സെക്കന്ററി ഡയറക്ടർ മുഖേനയും ആണ് നടത്തേണ്ടത്. ഇതിനുള്ള നടപടി ക്രമങ്ങൾ എല്ലാം തന്നെ ഹയർ സെക്കന്ററി ഡയറക്ടർ സ്വീകരിച്ചു വരികയാണ്. |
| (ഡി) | നിലവിൽ സ്ഥിരം അദ്ധ്യാപകരില്ലാതെ ബുദ്ധിമുട്ടുന്ന എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ഈ അദ്ധ്യയന വർഷം തുടക്കം മുതൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ